MAR REMIGIOSE INCHANANIYIL
Bishop of Thamarassery

*സർക്കുലർ 04/2025*

## കുഞ്ഞിന് ഒരു കൈത്താങ്ങ്

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

മംഗളവാർത്ത തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവം ആശംസിക്കുന്നു! ഗബ്രിയേൽ മാലാഖ രക്ഷയുടെ സദ്വാർത്ത പരിശുദ്ധ അമ്മയോട് വെളിപ്പെടുത്തുന്നതിന്റെ അനുസ്മരണമായ മംഗളവാർത്ത ജീവനുവേണ്ടിയുള്ള ദിനമായി ആഗോളസഭ ആചരിക്കുന്നു. സന്താനപുഷ്ടിയുള്ളവരായി പെരുകാനും ഭൂമിയിൽ നിറഞ്ഞ് അതിനെ പരിപാലിക്കാനും (ഉൽപ 1, 28) പ്രപഞ്ചസൃഷ്ടിയുടെ അവസരത്തിൽ ദൈവം മനുഷ്യനെ അനുഗ്രഹിക്കുന്നത് ജീവന്റെ മഹത്വം അവതരിപ്പിക്കാനാണ്.

ജീവന്റെ സുവിശേഷം സഭയിൽ പ്രഘോഷിക്കാനും അതിന് സാക്ഷ്യം നല്കാനുമായി സ്ഥാപിതമായിരിക്കുന്ന അജപാലനസംവിധാനമാണ് പ്രോലൈഫ് പ്രേഷിതത്വം. ദൈവത്തിന്റെ സുന്ദര ദാനമായ ജീവനെ അതിന്റെ സ്വാഭാവികമായ ആരംഭം മുതൽ സ്വാഭാവികാന്ത്യം വരെ പരിപോഷിപ്പിക്കാനും സംരക്ഷിക്കാനുമുള്ള ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്വത്തിനാണ് ഈ പ്രേഷിതപ്രവർത്തനം സവിശേഷമായ പ്രാധാന്യം നല്കുന്നത്. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്' (യോഹ 10,10) എന്ന ഈശോയുടെ വചനങ്ങൾ, നമ്മുടെ പ്രവർത്തനങ്ങളിൽ മാർഗദീപമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

രൂപതയിൽ പ്രോലൈഫ് അപ്പസ്തോലേറ്റ് നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന്റെ ജനനം മുതൽ പഠനം അവസാനിക്കുന്നതുവരെ ആ കുഞ്ഞുങ്ങൾക്ക് ആവശ്യമായ സാമ്പത്തികവും മറ്റ് ഭൗതീകവുമായ സഹായങ്ങളും നല്കുന്നുണ്ട്. പ്രോലൈഫ് പ്രേഷിതത്വത്തിന്റെ ഗൗരവമായ അജപാലനപ്രാധാന്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രവേശക കൂദാശകൾ കുഞ്ഞുങ്ങൾക്ക് പരികർമ്മം ചെയ്യാൻ രൂപതാദ്ധ്യക്ഷൻ എന്നരീതിയിൽ ഞാൻ സന്നിഹിതനാകും. പ്രോലൈഫിന്റെ വിജയകരമായ പ്രവർത്തനങ്ങളിലൂടെ, നമ്മുടെ രൂപതയിൽ ഏകദേശം 700 ഓളം കുടുംബങ്ങൾ നാലോ അതിലധികമോ കുട്ടികളുള്ള വലിയ ഭവനങ്ങളായി ഇന്ന് മാറിയിരിക്കുന്നു. ജീവന്റെ മാഹാത്മ്യവും വിവാഹത്തിന്റെ പവിത്രതയും ദൈവം തരുന്ന കുഞ്ഞുങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും ഈ അപ്പസ്തോലേറ്റ് വിവിധങ്ങളായ ശുശ്രൂഷകളിലൂടെ ദൈവജനത്തെ ബോധവൽക്കരിക്കുന്നുണ്ട്. അങ്ങനെ, തീക്ഷണവും ദൈവാനുഗ്രഹപ്രദവുമായ കർമ്മ പദ്ധതികളിലൂടെ 'താമരശ്ശേരി രൂപത പ്രോലൈഫ് പ്രേഷിതത്വം' കേരളസഭയിൽ ഇന്ന് ഏവർക്കും മാതൃകയായി തുടരുന്നു. വി.ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു, "വിവാഹം കഴിച്ച് സന്താനങ്ങൾക്ക് ജന്മം നല്കുവിൻ. നിങ്ങളുടെ പുത്രീപുത്രൻമാരെയും വിവാഹം കഴിപ്പിക്കുവിൻ; അവർക്കും മക്കളുണ്ടാകട്ടെ. നിങ്ങൾ പെരുകണം നിങ്ങളുടെ സംഖ്യ കുറഞ്ഞുപോകരുത് "(ജെറ 29,6). പ്രസ്തുത ദൈവവചനത്തിന്റെ ചൈതന്യത്തോടെ, ജീവന്റെ സുവശേഷ പ്രചാരണത്തിനായി രൂപതയുടെ പ്രോലൈഫ് പ്രേഷിതത്വത്തിനോടൊപ്പം പങ്കുചേരാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

പരിശുദ്ധസഭയുടെ പ്രത്യാശ വർഷത്തോടും നമ്മുടെ രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ചും പ്രോലൈഫ് പ്രേഷിതത്വം ജീവനെയും വലിയകുടുംബങ്ങളെയും സംരക്ഷിക്കാൻ **'കുഞ്ഞിനൊരു കൈത്താങ്ങ്'** എന്ന പദ്ധതി ഈ വർഷം ആരംഭിക്കുകയാണ്. 2025 ാം ആണ്ട് മുതൽ ജനിക്കുന്ന നാലാമത് മുതലുള്ള ഓരോ കുഞ്ഞിനും മാതാപിതാക്കന്മാർക്കും സഹായനിധിയും

പ്രോൽസാഹനവും നല്കുന്നതാണ് ഈ നവീന ഉദ്യമം. മാർച്ച് 25ലെ മംഗളവാർത്ത തിരുനാൾ ദിനത്തിൽ ആരംഭിക്കുന്ന ഈ പദ്ധതിയിലൂടെ ജീവന്റെ സുവിശേഷപ്രഘോഷണത്തിൽ സഭയും സമുദായവും വലിയകുടുംബങ്ങൾക്കൊപ്പമുണ്ട് എന്ന പ്രചോദനവും സന്ദേശവും നല്കുന്നു.

കുടുംബകൂട്ടായ്മകൾ കേന്ദ്രീകരിച്ചാണ് '*കുഞ്ഞുങ്ങൾക്ക് ഒരു കൈത്താങ്ങ്*' എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നല്കുന്ന നിർദ്ദേശമനുസരിച്ച് ജീവന്റെ സുവിശേഷം പ്രഘോഷിക്കാൻ സന്നദ്ധരാകുന്ന ദമ്പതികൾക്ക് ഒരു കൈത്താങ്ങായി വർത്തിക്കണമെന്ന് ഈയവസരത്തിൽ നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ചെറിയ സാമ്പത്തികസഹായം ജീവന്റെ പ്രാധാന്യത്തെപ്പറ്റി ഓർക്കുന്നതിനും സന്ദേശം കൈമാറുന്നതിനുമുള്ള അവസരമായി കണക്കാക്കണം. നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയാകട്ടെ (സങ്കീ 128, 4) എന്ന സങ്കീർത്തകന്റെ ആത്മീയാനന്ദവും ആത്മസംതൃപ്തിയും ഈ അജപാലനപദ്ധതി പ്രോൽസാഹിപ്പിക്കുന്നതിലൂടെ നമുക്ക് സ്വന്തമാക്കാനാകും. കുഞ്ഞുങ്ങളെ സ്നേഹിക്കുകയും അവരെ തന്റെ അടുക്കൽ കൊണ്ടുവരാൻ അരുൾചെയ്യുകയും ചെയ്യുന്ന (ലൂക്ക 18, 16) ഈശോയുടെ കൃപയും സാമിപ്യവും വലിയകുടുംബങ്ങൾക്കും കുഞ്ഞുങ്ങൾക്കും ജീവനുവേണ്ടിയുള്ള പ്രേഷിതപ്രവർത്തനത്തിലൂടെ തീർച്ചയായും അനുഭവിക്കാൻ സാധിക്കും. പുൽക്കൂട്ടിലെ തിരുസുതനോട് വി. കൊച്ചുത്രേസ്യ ഇങ്ങനെ പ്രാർഥിച്ചിരുന്നു: "എന്റെ ഉണ്ണീശോയേ, നിന്റെ തൊട്ടിലിൽ ആടിയും പിള്ളക്കച്ചയിൽ ഒളിച്ചും മാലാഖമാർക്കൊപ്പം പാടിയും നിന്റെ ജനനത്തിന്റെ ആദ്യദിവസങ്ങളുടെ മാധുര്യവും മനോഹാരിതയും അയവിറക്കാൻ ഞാനും ആഗ്രഹിക്കുന്നു" (Poems 24): വിശുദ്ധയെപ്പോലെ ആർദ്രവും ശിശുസഹജവുമായ ഹൃദയത്തോടെ നമുക്ക് കുഞ്ഞുങ്ങളെ സ്നേഹിക്കുകയും പ്രോലൈഫ് പ്രേഷിതത്വത്തെ നിർലോഭം പ്രോൽസാഹിപ്പിക്കുകയും ചെയ്യാം.

സഭയുടെ പ്രത്യാശവത്സരത്തിന്റെയും രൂപതയുടെ റുബി ജൂബിലിയുടെയും നിറവിൽ ആരംഭിക്കുന്ന *കുഞ്ഞിനൊരു കൈത്താങ്ങ്* എന്ന അജപാലന ഉദ്യമം ഏവർക്കും അനുഗ്രഹമാകാൻ നിങ്ങളോരോരുത്തരുടെയും പ്രാർഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. ജീവന്റെ നാഥനായ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

+ R...

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★
EPARCHY OF THAMARASSERY
IN CARITATE RADICATI ET FUNDATI

താമരശ്ശേരി
22.03.2025

---

*ഈ സർക്കുലർ 2025 മാർച്ച് 23 ഞായറാഴ്ച ദിവ്യബലിമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com